## സൂപ്പർന്യൂമററി തസ്തികകൾ

**6 (1532)** ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ പെൻഷൻ തീയതി ഏകീകരണത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ വകുപ്പിലും അത്തരത്തിൽ എത്ര തസ്തികകൾ വീതം സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഈ തസ്തികയിലേയ്ക്ക് നിയമനം നടത്തേണ്ടത് എപ്രകാര മായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഇ) സൂപ്പർന്യൂമററി തസ്തികകൾ നികത്തുന്നതുമൂലം താഴെ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ എങ്ങനെയാണ് നികത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) താഴെ തട്ടിലുണ്ടാകുന്ന എല്ലാ തസ്തികകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ജി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(എച്ച്) ഈ തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തതുമൂലം സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ വ്യാജ നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഐ) ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ജെ) സൂപ്പർ ന്യൂമററി തസ്തികകളിലെ വ്യാജ നിയമനങ്ങൾ നിയന്ത്രിക്കുന്നതിന് സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിരമിക്കൽ തീയതി ഏകീകരിച്ചില്ലായിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്ന പ്രവേശന തസ്തികകളിലെ ഒഴിവുകൾ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്. പല major വകുപ്പുകളിൽനിന്നും സൃഷ്ടിച്ച തസ്തികകളുടെ കണക്ക് ലഭ്യമാക്കിയിട്ടില്ല. ധനവകുപ്പിൽ നിന്ന് ലഭിച്ച കണക്കനുസരിച്ച് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകളിലായി 6035 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ധനവകുപ്പിൽ ലഭ്യമായ കണക്കുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി&ഡി) വിരമിക്കൽ തീയതി ഏകീകരിച്ചില്ലായിരുന്നെങ്കിൽ മാസാമാസങ്ങളിൽ ഉണ്ടാകുമായിരുന്ന ഒഴിവുകളുടെ പ്രവേശന തസ്തിക സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനും പി.എസ്.സി.യിൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നിന്നും Advise ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതിനുമാണ് നിർദ്ദേശം നൽകിയിരുന്നത്. റഗുലർ വേക്കൻസി ഉണ്ടാകുമ്പോൾ സൂപ്പർ ന്യൂമററിയായി നിയമിതനായ ആൾ അതിലേക്ക് ആഗീരണം ചെയ്യപ്പെടുന്നതാണ്.

(ഇ) ജീവനക്കാരൻ വിരമിക്കുമ്പോൾ വഹിച്ചിരുന്ന തസ്തികയല്ല സൂപ്പർ ന്യൂമററിയായി സൃഷ്ടിക്കുന്നത്. അതിന്റെ പ്രവേശന തസ്തികയാണ് സൂപ്പർ ന്യൂമററിയായി സൃഷ്ടിക്കേണ്ടതും നിയമനം നടത്തേണ്ടതും. അതിനാൽ തന്നെ താഴെ തസ്തിക എന്നൊന്നുദിക്കുന്നില്ല.

(എഫ്-ജി). ഈ പ്രത്യേക ആവശ്യത്തിനായി കാലതാമസം ഒഴിവാക്കുന്നതിന് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിനുള്ള അധികാരം നിയമനാധികാരികളിലേയ്ക്ക് വികേന്ദ്രീകരിച്ചിരുന്നു. ഒരു വർഷം ഉണ്ടാകാനിടയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും ഉണ്ടാകുമായിരുന്ന തീയതി വച്ച് സൃഷ്ടിച്ച് ഒന്നാകെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനാണ് ഉത്തരവായിരിക്കുന്നത്. ഇപ്രകാരം ഓരോ വകുപ്പും സൃഷ്ടിച്ച് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത പൂർണ്ണമായ കണക്ക് ലഭ്യമല്ല.

(എച്ച്-ജെ) വ്യാജ നിയമനങ്ങൾ നടന്നു എന്ന ആരോപണവുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഉന്നതതല ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് നിയമനങ്ങളിലെ നടപടിക്രമങ്ങളിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ ആയത് നികത്തുന്നതായിരിക്കും. ഭാവിയിലുണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിന് പുറമേ പി.എസ്.സി.യുടെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിനു ശേഷമേ നിയമനങ്ങൾ റഗുലറൈസ് ചെയ്യാവൂ എന്ന് 14-12-2010-ലെ G.O.(P) No. 40/2010/P&ARD പ്രകാരം എല്ലാ നിയമനാധികാരികളേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ 10 വർഷത്തിനകം സംസ്ഥാനത്ത് നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും ഒരു സമഗ്രമായ വെരിഫിക്കേഷൻ നടത്തുവാൻ P&ARD-യുടെ കീഴിൽ ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ച് ചുമതലപ്പെടുത്തുവാൻ 14-12-2010-ലെ G.O.(P) No.41/2010/P&ARD പ്രകാരം തീരുമാനിച്ചു.

**ലീവെടുത്ത് സംസ്ഥാനത്തിന് പുറത്ത് ജോലിക്ക് പോയവർക്കെതിരെ നടപടി**

**7 (1533)** ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ജോലി നേടുകയും 5 വർഷത്തെ ലീവെടുത്ത് സംസ്ഥാനത്തിന് പുറത്ത് വിവിധ സ്ഥലങ്ങളിൽ ജോലിക്ക് പോയതുതായ എത്രപേരാണ് ഇപ്പോൾ നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly